## പിരിച്ചുവിടപ്പെട്ട തൊഴിലാളി പാഴ്വസ്തുക്കൾ പെറുക്കി വിറ്റ് വരുമാനമുണ്ടാക്കുന്ന കാരണത്താൽ 17 ബി വകുപ്പിന്റെ ആനുകൂല്യം നിഷേധിക്കാനാവില്ല

### ഡൽഹി ഹൈക്കോടതി

W.P. (C) No. 6539/2020 Dt. 9.2.2021

നോർത്ത് ഡൽഹി മുനിസിപ്പൽ കോർപ്പറേഷൻ x
സതീഷ്

1993 മുതൽ ദിവസക്കൂലി അടിസ്ഥാനത്തിൽ കോർപ്പറേഷനിൽ ജോലി ചെയ്തുവന്നയാളാണ് സതീഷ് എന്ന തൊഴിലാളി. 1993 മുതൽ 2008 ഫെബ്രുവരി വരെ തുടർച്ചയായി ജോലിചെയ്ത തൊഴിലാളി 2010 ഓഗസ്റ്റ് വരെ ജോലിക്കു ഹാജരായില്ല. രണ്ട് വർഷത്തോളമായി ജോലിക്ക് ഹാജരാകാതിരുന്ന തൊഴിലാളിക്ക് മേനേജ്മെന്റ് കാരണം-കാണിക്കൽ നോട്ടീസയച്ചു. ഉടനടി ജോലിക്ക് ഹാജരാകണമെന്നും അല്ലെങ്കിൽ കാരണം ബോധിപ്പിക്കണമെന്നുമാണ് നോട്ടീസിൽ പ്രസ്താവിച്ചത്. നോട്ടീസ് കൈപ്പറ്റിയെങ്കിലും തൊഴിലാളി പ്രതികരിച്ചില്ല. തുടർന്ന് തൊഴിലാളി ജോലി ഉപേക്ഷിച്ചതായി കണക്കാക്കിയ മുനിസിപ്പാലിറ്റി അയാളുടെ പേര് രജിസ്റ്ററിൽ നിന്ന് നീക്കം ചെയ്തു. പിന്നീട് 30.8.2010-ൽ തൊഴിലാളി ജോലിക്ക് ഹാജരായി. രണ്ട് വർഷത്തോള മായി അസുഖബാധിതനായി കഴിയുകയായിരുന്നുവെന്ന് തൊഴിലാളി മേനേജ്മെന്റിനെ അറി യിക്കുകയും ആവശ്യമായ രേഖകൾ ഹാജരാക്കുകയും ചെയ്തെങ്കിലും ജോലിയിൽ പ്രവേശി ക്കാൻ മേനേജ്മെന്റ് അയാളെ അനുവദിച്ചില്ല. ഇതു സംബന്ധിച്ച് തൊഴിലാളി ലേബർ കോടതി യിൽ പരാതി നല്കി. ഗാർഹികാന്വേഷണം നടത്താതെ തൊഴിലാളിയെ ജോലിയിൽ നിന്ന് നീക്കം ചെയ്തത് തെറ്റും അന്യായവുമാണെന്ന് ചൂണ്ടിക്കാട്ടിയ ലേബർ കോടതി മുഴുവൻ മുൻകാല വേതനത്തോടെയും സകല വിധ ആനുകൂല്യങ്ങളോടെയും തൊഴിലാളിയെ തിരിച്ചെടുക്കണ മെന്ന് വിധിച്ചു. ഇതിനെതിരെ മേനേജ്മെന്റ് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. റിട്ട് ഹർജി പരിഗണനയിലിരിക്കെ തനിക്ക് 17 ബി വകുപ്പനുസരിച്ച് വേതനം നല്കാൻ മേനേജ്മെന്റിന് നിർദ്ദേശം നല്കണമെന്നാവശ്യപ്പെട്ട് ഇടക്കാല ഹർജി നല്കി. പിരിച്ചുവിടപ്പെട്ടതിനു ശേഷം തൊഴിലാളി പാഴ്വസ്തുക്കൾ പെറുക്കിവിറ്റ് പ്രതിമാസം ഏഴായിരത്തോളം രൂപ സമ്പാദിക്കു ന്നുണ്ടെന്നും അതിനാൽ 17 ബി വകുപ്പിന്റെ ആനുകൂല്യത്തിന് തൊഴിലാളി അർഹനല്ലെന്നും മേനേജ്മെന്റ് വാദിച്ചു. പാഴ്വസ്തുക്കൾ പെറുക്കി വിറ്റ് തുച്ഛമായ വരുമാനമുണ്ടാക്കുന്നു എന്ന കാരണത്താൽ പിരിച്ചുവിട്ട തൊഴിലാളിക്ക് 17 ബി വകുപ്പനുസരിച്ചുള്ള വേതനം നിഷേധിക്കാ നാവില്ലെന്ന് വിലയിരുത്തിയ ഹൈക്കോടതി ഒന്നേകാൽ മാസത്തിനുള്ളിൽ തൊഴിലാളിക്ക് വേതന കുടിശിക മുഴുവനും നല്കണമെന്നും പിന്നീട് റിട്ട് ഹർജി തീർപ്പാക്കുന്നതുവരെ എല്ലാ മാസവും 7-ാം തീയതിക്കു മുമ്പായി തൊഴിലാളിക്ക് ശമ്പളം നല്കണമെന്നും മുനിസിപ്പാലി റ്റിക്ക് ഹൈക്കോടതി നിർദ്ദേശം നല്കി.